(ബി) ഇതു സംബന്ധിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ ഹർജിയിൽ ബഹു. മന്ത്രി ഉത്തരവ് നൽകിയിട്ടും കെട്ടിട നിർമ്മാണം ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യമായ ചുമതലയല്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച 22444/ഡിബി2/2013/എൽ.എസ്.ജി.ഡി., 64726/ആർഡി/2013/എൽ.എസ്.ജി.ഡി. നമ്പർ ഫയലുകളിന്മേൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് നിരാക്ഷേപസാക്ഷ്യപത്രം 12-3-2014 -ലെ സ.ഉ.(സാധാ)നമ്പർ 748/14/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിൽദിനങ്ങൾ

3208 ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 വർഷം വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും എത്രവീതം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര ദിവസംവീതം ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തൊഴിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി)ഓരോ തദ്ദേശഭരണസ്ഥാപനത്തിലും 2012-13 വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി)കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ വൈക്കത്തെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനം 100 തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

'അഹാഡ്സ്' - കോംപ്രിഹെൻസീവ് എൻവയോൺമെന്റ് കൺസർവേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ട്

2626 ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)"അഹാഡ്സ്-കോംപ്രിഹെൻസീവ് എൻവയോൺമെൻറ് കൺസർവേഷൻ ആൻറ് കമ്മ്യൂണിറ്റി ഡെവലപ്മെൻറ് പ്രൊജക്ട്" എന്ന പേരിൽ വയനാട് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധമായ എന്തെങ്കിലും സാധ്യതാപഠനം നടപ്പാക്കിയിട്ടുണ്ടോ. എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വികസനമാണ് ഇതുകൊണ്ട് ലക്ഷ്യം വെയ്ക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിന്റെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഏതു മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള സാധ്യതാപഠനം ഫണ്ടിംഗ് ഏജൻസിയായ ജപ്പാൻ ഇൻറർനാഷണൽ കോ-ഒപ്പറേഷൻ ഏജൻസിക്കുവേണ്ടി ജപ്പാൻ ആസ്ഥാനമായ നിപ്പോൺ കോയി കമ്പനി ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

(സി) പാരിസ്ഥിതികവും സാമൂഹികവുമായ വികസനമാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു